(സി) മേൽവില്ലേജുകളിൽ റീസർവെ പ്രവർത്തനം നടത്തുന്നതിന് എത്ര ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചിട്ടുണ്ട്; ഇവരുടെ തസ്തിക തിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(ഡി) ഇപ്പോൾ മേൽ വില്ലേജുകളിലെ റീസർവെ പ്രവർത്തനം നിർത്തിവച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രവർത്തനം പുനരാരംഭിച്ചു പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിലെ അയ്യൻകുന്ന് വില്ലേജിന്റെ റീസർവെ പുരോഗതിയിലാണ്. മറ്റു വില്ലേജുകളിൽ റീസർവെ ആരംഭിച്ചിട്ടില്ല.

(ബി) അയ്യൻകുന്ന് വില്ലേജിലെ 15 ഖണ്ഡങ്ങളിൽ റീസർവെ ഫീൽഡ് ജോലികൾ പൂർത്തിയായിട്ടുണ്ട്.

(സി) അയ്യൻകുന്ന് വില്ലേജിൽ റീസർവെ പ്രവർത്തനം നടത്തുന്നതിന് 10 സർവെയർമാരേയും 2 ഹെഡ് സർവെയർമാരേയും നിയോഗിച്ചിരുന്നുവെങ്കിലും ഇപ്പോൾ മറ്റു ജില്ലകളിലേക്കും, ജില്ലയിലെതന്നെ മറ്റു ജോലികൾക്കുമായി സർവെയർമാരെ വിട്ടുകൊടുക്കേണ്ടി വന്നതിനാൽ ഒരു ഹെഡ്സർവെയറും ഒരു സർവെയറും മാത്രമേ നിലവിലുള്ളൂ.

(ഡി) ഇല്ല.

(ഇ) അയ്യൻകുന്ന് വില്ലേജിന്റെ റിസർവെ പ്രവർത്തനം പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

92 (672) സംസ്ഥാനത്തെ റീസർവ്വേ നടപടി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീസർവെ നടപടികളുടെ ഇതുവരെയുള്ള പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇതിനകം എത്ര വില്ലേജുകളിൽ സർവെ അദാലത്തുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനിയും എത്ര വില്ലേജുകളിൽ ആരംഭിക്കാനുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 790 റവന്യൂ വില്ലേജുകളുടെ റീസർവെ ഫീൽഡ് ജോലി പൂർത്തിയാക്കിയിട്ടുണ്ട്. ഈ 790 വില്ലേജുകളിൽ 653 വില്ലേജുകളുടെ റിക്കാർഡുകൾ ഫൈനൽ ചെയ്തു റവന്യൂ ഭരണത്തിൽ നടപ്പാക്കിയിട്ടുണ്ട്. ഇനി റീസർവെ ആരംഭിക്കാനുള്ള വില്ലേജുകളിൽ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് മാത്രം റീസർവെ നടത്തിയാൽ മതിയെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് തൃശ്ശൂർ ജില്ലയിലെ വിള്ളപ്പായ വില്ലേജിന്റെ സർവെ ജോലി പൂർത്തിയാക്കിയിട്ടുണ്ട്. അത് ഫൈനൽ ചെയ്തു നടപ്പിലാക്കുന്നത് സംബന്ധിച്ച് ജോലികൾ പുരോഗതിയിലാണ്. കൂടാതെ ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്. വില്ലേജിലെ റ്റാറ്റാടി എസ്റ്റേ

LIBRARY ARCHIVES Kerala Legislative Assembly

റ്റിന്റെ കൈവശമുള്ള 19 ബ്ലോക്കുകളുടെ റീസർവെ ആധുനിക ഉപകരണം ഉപയോഗിച്ച് നടന്നുവരികയാണ്.

(ബി) ഇതിനകം 216 വില്ലേജുകളിലെ സർവെ അദാലത്തുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 41 വില്ലേജുകളിലെ അദാലത്തുകൾ ആരംഭിക്കാൻ ബാക്കിയുണ്ട്.

93 (673) റീസർവ്വേ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീസർവെ പ്രവർത്തനങ്ങളുടെ പുരോഗതിയെ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) സർവെ അദാലത്തു നടത്തിയതിൽ അനവധി പരാതികൾ നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റീസർവെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സർവെ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 790 റവന്യൂ വില്ലേജുകളുടെ റീസർവെ ഫീൽഡ് ജോലി പൂർത്തിയാക്കിയിട്ടുണ്ട്. ഈ 790 വില്ലേജുകളിൽ 653 വില്ലേജുകളുടെ റിക്കാർഡുകൾ ഫൈനൽ ചെയ്തു റവന്യൂ ഭരണത്തിൽ നടപ്പാക്കിയിട്ടുണ്ട്. റീ-സർവെ ആരംഭിക്കാനുള്ള വില്ലേജുകളിൽ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് മാത്രം റീസർവെ നടത്തിയാൽ മതിയെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചു തൃശ്ശൂർ ജില്ലയിലെ വിളപ്പായ വില്ലേജിന്റെ സർവെ ജോലി പൂർത്തിയാക്കിയിട്ടുണ്ട്. അതു ഫൈനൽ ചെയ്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച ജോലികൾ പുരോഗതിയിലാണ്. കൂടാതെ ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്. വില്ലേജിലെ റ്റാറ്റാ ടി എസ്റ്റേറ്റിന്റെ കൈവശമുള്ള 19 ബ്ലോക്കുകളുടെ റീസർവെ ആധുനിക ഉപകരണം ഉപയോഗിച്ച് നടന്നുവരികയാണ്.

(സി) ഉണ്ട്.

(ഡി) റീസർവെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സർവെ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഭാവിയിലുള്ള റീസർവെ പ്രവർത്തനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടറുകളുടേയും മറ്റു ആധുനിക ഉപകരണങ്ങളുടേയും സഹായത്തോടെ നടത്തുന്നതിന് സർക്കാർ നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ വസ്തു ഉടമകൾക്കും, ആധുനിക ഉപകരണങ്ങളും കമ്പ്യൂട്ടറുകളും ഉപയോഗിച്ച് സർവെ നടത്തുന്ന വില്ലേജുകളിൽ റീസർവെ റിക്കാർഡുകൾ ഫൈനൽ ചെയ്യുന്നതിനു മുമ്പ് സൗജന്യമായി അവരുടെ വസ്തുവിന്റെ പ്ലാനിന്റെ ഒരു പകർപ്പ്, ഉടമസ്ഥന്റെ പേര്, വസ്തുവിന്റെ വിസ്തീർണം, സർവെ നമ്പർ എന്നിവ രേഖപ്പെടുത്തി ഉടമസ്ഥന് പരിശോധനയ്ക്കായി നൽകാനും തീരുമാനിച്ചിട്ടുണ്ട്.

1117/2010.

LIBRARY ARCHIVES Kerala Legislative Assembly